14629

കേരള സർക്കാർ

നം.1264930/എ 2/2017/സാ.നീ.വ.

സാമൂഹ്യനീതി (എ) വകുപ്പ്,
തിരുവനന്തപുരം, തീയതി, 10.03.2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി

സ്വീകർത്താവ്
ശ്രീ. ശിവാനന്ദൻ
വൃന്ദാവനം, തോളൂർ
കുളപ്പട.പി.ഒ
ആര്യനാട് - 695 542

THE DIRECTOR OF SOCIAL JUSTICE
21 MAR 2017
THIRUVANANTHAPURAM

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശനിയമം - 2005 – വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 06.03.2017-- ൽ ഈ വകുപ്പിൽ ലഭിച്ച താങ്കളുടെ 25.02.2017 ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ താങ്കൾക്ക് നേരിട്ട് നൽകുന്നതിനായി അപേക്ഷയുടെ അസ്സൽ സാമൂഹ്യനീതി ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

ഈ മറുപടി തൃപ്തികരമല്ല എങ്കിൽ ഈ കത്ത് ലഭിച്ച് 30 ദിവസത്തിനകം താങ്കൾക്ക് ഈ വകുപ്പിലെ അപ്പീൽ അധികാരി മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ വിലാസം ചുവടെ ചേർക്കുന്നു.

ശ്രീമതി.കെ.എം. ലീലാമണി,
അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്,
റൂം നമ്പർ 108, ഗ്രൗണ്ട് ഫ്ളോർ, നോർത്ത് ബ്ലോക്ക്,
സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ നം. 0471-2518373

വിശ്വസ്തതയോടെ,

10/3/17

മിനിമോൾ.ടി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ &
ഡെപ്യൂട്ടി സെക്രട്ടറി.

പകർപ്പ് : സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്
(നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് നേരിട്ട് മറുപടി ലഭ്യമാക്കുന്നതിനായി, അപേക്ഷയുടെ അസ്സൽ സഹിതം)

ശിവാനന്ദൻ
വൃന്ദാവനം, തോളൂർ
കുളപ്പട.പി.ഒ.,
ആര്യനാട് - 695 542

1264930

COURT FEE INDIA TEN RUPEES

06 2017

To

പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ

വിഷയം :- വിവരാവകാശനിയമം 2005 പ്രകാരം

സർ,

വിവരാവകാശ നിയമം 2005 അനുസരിച്ച് താഴെ പറയുന്ന ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

1. തിരുവനന്തപുരം ജില്ലയിൽ താങ്കളുടെ വകുപ്പിനു കീഴിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ എത്ര ഒഴിവുകൾ ഇനി പി.എസ്.സി., ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട് എന്ന് വ്യക്തമാക്കാമോ ?
    a. പ്രസ്തുത തസ്തിക ഏത് വിഭാഗത്തിൽപ്പെടുന്നു എന്ന് (ഓഫീസ് അറ്റന്റന്റ്, വാച്ച്മാൻ, നൈറ്റ് വാച്ച്മാൻ, വാൻ ക്ലീനർ, മാർക്കർ, ചെയിൻമാൻ, ലാസ്കർ, പാക്കർ, കൗണ്ടർ etc ) ഇനം തിരിച്ച് വ്യക്തമാക്കാമോ ?

2. തിരുവനന്തപുരം ജില്ലയിൽ താങ്കളുടെ വകുപ്പിന് കീഴിൽ 2017 ജനുവരി 1 നും 2018 ജനുവരി 1 നും ഇടയിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികകളിൽ നിന്നും എത്ര പേർ വിരമിക്കുന്നുണ്ട് ?
    ഉണ്ടെങ്കിൽ
    a. വിരമിക്കുന്ന വ്യക്തിയുടെ പേര് വ്യക്തമാക്കാമോ ?
    b. പ്രസ്തുത വ്യക്തി വിരമിക്കുന്ന തീയതി, ഒരേ തീയതിയിൽ ഒന്നിലധികം പേർ വിരമിക്കുന്നുവെങ്കിൽ അവ ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

3. താങ്കളുടെ വകുപ്പിന് കീഴിൽ 2017 ജനുവരി 1 നും 2018 ജനുവരി 1 നും ഇടയിൽ ലാസ്റ്റ് ഗ്രേഡ് പ്രൊമോഷൻ കേഡർ തസ്തികകളിൽ നിന്നും വിരമിക്കുന്ന (അറ്റന്റർ തസ്തികകൾ ഉൾപ്പെടെയുള്ള) എത്ര പേരുണ്ട് എന്ന് വ്യക്തമാക്കാമോ ?
    ഉണ്ടെങ്കിൽ
    a. പ്രസ്തുത വ്യക്തിയുടെ/വ്യക്തികളുടെ പേര് വ്യക്തമാക്കാമോ ?
    b. പ്രസ്തുത വ്യക്തി/ വ്യക്തികൾ വിരമിക്കുന്ന തീയതി ഇനം തിരിച്ച് വ്യക്തമാക്കാമോ ?
    c. വിരമിക്കുന്ന സമയത്ത് പ്രസ്തുത വ്യക്തി/വ്യക്തികൾ ഉദ്യോഗം വഹിച്ചിരുന്നത് ഏത് ജില്ലയില് എന്ന് വ്യക്തമാക്കാമോ ?

4. താങ്കളുടെ വകുപ്പിന് കീഴിൽ 2017 ജനുവരി 1 നും 2018 ജനുവരി 1 നും ഇടയിൽ
    i. ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിന്നും
    ii. ലോവർ ഡിവിഷൻ ക്ലർക്ക് പ്രൊമോഷൻ കേഡർ തസ്തികകളിൽ നിന്നും
    iii. ലോവർ ഡിവിഷൻ ക്ലർക്കിനു ശേഷമുള്ള ഉയർന്ന തസ്തികയിൽ ഉദ്യോഗം വഹിക്കുന്ന മറ്റു മിനിസ്റ്റീരിയൽ സ്റ്റാഫ് തസ്തികകളിൽ നിന്നും വിരമിക്കുന്ന എത്രപേർ ഉണ്ട് എന്ന് വ്യക്തമാക്കാമോ ?

    ഉണ്ടെങ്കിൽ
    a. പ്രസ്തുത വ്യക്തിയുടെ പേര് വ്യക്തമാക്കാമോ ?
    b. പ്രസ്തുത വ്യക്തി/വ്യക്തികൾ (ഒരേ ദിവസം ഒന്നിൽ കൂടുതൽ പേർ വിരമിക്കുന്നു എങ്കിൽ) വിരമിക്കുന്ന തീയതി ഇനം തിരിച്ച് വ്യക്തമാക്കാമോ ?
    c. വിരമിക്കുന്ന സമയത്ത് പ്രസ്തുത വ്യക്തി/വ്യക്തികൾ (ഒന്നിൽ കൂടുതൽ പേരുണ്ടെങ്കിൽ) ഉദ്യോഗം വഹിച്ചിരുന്ന ജില്ലയേതെന്ന് വ്യക്തമാക്കാമോ ?

25/2/2017

Sivanandhan
Sivanandhan